സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ:എം.അഞ്ജന ഐ.എ.എസ്)

ഉത്തരവ് നം. SJD/1967/2022-E1

തിരുവനന്തപുരം,
തീയതി. 19/05/2022

വിഷയം: സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(അച്ചടി) നം.10/2019/സാ.നീ.വ തീയതി.21/10/2019
2.സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
3.സാമൂഹ്യനീതി ഡയറക്ടറുടെ 27/4/2020-ലെ SJD/940/2020-E9 നം നടപടി ക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസിൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിൽ ആകെയുള്ള 5 എണ്ണത്തിൽ 3 തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതതായി രൂപികരിക്കുകയും, വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പരാമർശം (1) എക്സിക്യൂട്ടീവ് ഉത്തരവ് 5 (E) യിലെ അനുബന്ധം (V) ൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു . ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായി കാറ്റഗറി 3.സൂപ്പർവൈസർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കാറ്റഗറി 4.സോഷ്യൽ സയന്റിസ്റ്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കാറ്റഗറി 5. സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-III, കാറ്റഗറി.6 സ്പെഷ്യൽ ടീച്ചർ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ എന്നീ വിഭാഗം ജീവനക്കാരുടെ നിയമന തീയതി അടിസ്ഥാനപ്പെടുത്തിയുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ഈ നാലു വിഭാഗങ്ങളിലായി ആകെ 7 തസ്തികകളാണ് നിലവിലുള്ളത്. കാറ്റഗറി 3.സൂപ്പർവൈസർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ-2, കാറ്റഗറി 4.സോഷ്യൽ സയന്റിസ്റ്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ-1 എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. കാറ്റഗറി.6 സ്പെഷ്യൽ ടീച്ചർ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ-1 എന്ന തസ്തികയിൽ 9-6-2021 ലാണ് ശ്രീമതി.ഐശ്വര്യ.എം PSC നിയമനം മുഖേന സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. ശ്രീമതി.ഐശ്വര്യ.എം-ന്റെ സ്പെഷ്യൽ ടീച്ചർ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ തസ്തികയിലെ നിയമനം ക്രമീകരിച്ചിട്ടില്ല. കാറ്റഗറി 5. സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-III-യുടെ 3 തസ്തികകളാണ് നിലവിലുള്ളത്. സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-III തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീമതി.ഐശ്വര്യ.എം-ന്റെ സ്പെഷ്യൽ ടീച്ചർ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ തസ്തികയിലെ നിയമനം ക്രമീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും കാറ്റഗറി 3.സൂപ്പർവൈസർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ-2, കാറ്റഗറി 4.സോഷ്യൽ സയന്റിസ്റ്റ് വൊക്കേഷണൽ

ട്രെയിനിംഗ് സെന്റർ-1 എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിലും സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല. സാമൂഹ്യനീതി വകുപ്പിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള 3 ഒഴിവുകളിൽ പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചതുമായ യോഗ്യരായ 2 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

പരാമർശം (3) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ക്രമ നം.2-മതായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.താഹിറ.ടി.എ വകുപ്പുതല പരീക്ഷ വിജയിക്കാത്തതിനാൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ ജീവനക്കാരിയുടെ നിരീക്ഷണകാലം പൂർത്തികരിച്ചതായി പ്രഖ്യാപിച്ചിട്ടില്ല. ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചിട്ടില്ലാത്ത ടി ജീവനക്കാരിയെ ഒഴിവാക്കി, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചതായ ക്രമ നം.1, 3 എന്നീ ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 41300-87000 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി ചുവടെ വിവരിക്കും വിധം അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ബിന്ദു.കെ.വി<br>പെൻ നം.450689<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III<br>ഗവ.വയോജന പകൽ പരിപാലന കേന്ദ്രം<br>തിരുവനന്തപുരം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.വൃദ്ധ വികലാംഗ സദനം<br>പാലക്കാട് |
| 2. | സിന്ധു.എ.എസ്<br>പെൻ നം.619448<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III<br>ഗവ.വനിത വികലാംഗ സദനം<br>തിരുവനന്തപുരം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.ബാല വികലാംഗ സദനം<br>ആലപ്പുഴ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭ്യമായ ജീവനക്കാർക്ക് പകരമായി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-III തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം ലഭ്യമായി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എം.അഞ്ജന ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്

3. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്